# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 314 — 11.11.2019-ൽ മറുപടിക്ക്

### മാവോയിസ്റ്റുകളെ പൊതുധാരയിലേക്ക് കൊണ്ടുവരുവാൻ പദ്ധതി

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എം. സി. കമറുദ്ദീൻ<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാം മാവോയിസ്റ്റ് സാന്നിധ്യം കണ്ടെത്താനായിട്ടുണ്ട്; അവരുടെ പ്രവർത്തന മേഖല വ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും, ആദിവാസി മേഖലകളിലുമാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുള്ളത്. മറ്റ് ജില്ലകളിലേക്ക് അവരുടെ പ്രവർത്തന മേഖല വ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അട്ടപ്പാടിയിൽ പോലീസിന്റെ തണ്ടർബോൾട്ട് സംഘവും മാവോയിസ്റ്റുകളും തമ്മിൽ ഏറ്റുമുട്ടൽ നടന്നിട്ടുണ്ടോ; എത്ര പേർ കൊല്ലപ്പെട്ടുവെന്ന് അറിയിക്കാമോ; | (ബി) | പോലീസ് റിപ്പോർട്ട് പ്രകാരം 28.10.2019 തീയതിയിൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ മാവോയിസ്റ്റ് സംഘാംഗങ്ങൾ |

| | | | |
|---|---|---|---|
| | | | പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.<br>29.10.2019 തീയതിയിൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെട്ടു.<br>വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്റ്റേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്റ്റേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മാവോയിസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിച്ച് അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | 28.05.2018 തീയതിയിലെ സ.ഉ. (എം.എസ്) 93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/ പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദികളായ മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ അകപ്പെട്ട തീവ്ര നക്സലുകളെയും യുവാക്കളെയും പൂർണ്ണമായും അവരുമായുള്ള സമ്പർക്കത്തിൽ നിന്നും മോചിതരാക്കി പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് അവസരമൊരുക്കുകയും ആവശ്യമായ തൊഴിലവസരങ്ങളും സംരഭകത്വ അവസരങ്ങളും നൽകി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനയുടെ കേഡർമാരോ, പ്രവർത്തകരോ, അംഗങ്ങളോ ആയവരെയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ